## 8-2-2008 ൽ തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ വച്ചു നടന്ന കമ്മീഷൻ മീറ്റിംഗിന്റെ മിനിട്ട്സ്

പങ്കെടുത്തവർ

1. ശ്രീമതി.ജസ്റ്റീസ്.ഡി.ശ്രീദേവി, ചെയർപേഴ്സൺ
2. ശ്രീമതി.ടി.ദേവി, മെമ്പർ
3. ശ്രീമതി.പി.കെ.സൈനബ, മെമ്പർ
4. ശ്രീമതി.ബി.ശ്രീദേവി, സെക്രട്ടറി - മെമ്പർ എക്സ്.ഒഫിഷ്യോ

ചെയർപേഴ്സൺ ജസ്റ്റീസ്.ശ്രീമതി.ഡി.ശ്രീദേവിയുടെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക് 12 മണിയ്ക്ക് മീറ്റിംഗ് ആരംഭിച്ചു.

ഐറ്റം.1 ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം പ്രവർത്തനാവലോകനം

എ. 1. പ്രിന്റ് മീഡിയയിൽ കൂടിയുള്ള പത്ര പരസ്യം കൊടുക്കൽ

അനുവദിച്ച തുക - 10 ലക്ഷം രൂ
അഡ്വാൻസ് എടുത്തത് - 10,000/- രൂപ
ബാക്കി - 9,90000/- രൂ

മാറ്റർ തയ്യാറായിട്ടുള്ള രണ്ട് വിഷയങ്ങളെ സംബന്ധിച്ച പത്ര പരസ്യങ്ങൾ ഡി ഗ്രേഡ് (മനോരമ, മാതൃഭൂമി, ദേശാഭിമാനി) സി ഗ്രേഡ് (കേരള കൗമുദി, മാധ്യമം,മംഗളം) പത്രങ്ങളിൽ ബ്ളാക്ക് ആന്റ് വൈറ്റ് ൽ പരസ്യം നൽകുന്നതിന് പി.ആർ.ഡി യിലേയ്ക്ക് കത്തയയ്ക്കാൻ തീരുമാനിച്ചു. ശേഷിച്ച രണ്ട് വിഷയങ്ങളിൽ സ്ത്രീ മാസികകളിൽ പരസ്യം കൊടുക്കുന്നതു സംബന്ധിച്ച് പി.ആർ.ഡി യിലെ ഡെപ്യൂട്ടി ഡയറക്ടറുമായി ചർച്ച നടത്തി തീരുമാനിക്കാൻ പി.ആർ.ഒ യെ ചുമതലപ്പെടുത്തി.

2. ഡോക്യുമെന്ററി/സ്പോട്ട് - 20 ലക്ഷം രൂ
ചെലവഴിച്ചത്- 7.5 ലക്ഷം രൂ.
ബാക്കി - 12.50 രൂ.

കെ.എസ്.എഫ്.ഡി.സി, സിഡിറ്റ് എന്നീ സ്ഥാപനങ്ങൾക്ക് 3,75000/- രൂ. വീതം ഡി.ഡി നൽകിയിട്ടുണ്ട്. കെ.എസ്.എഫ്.ഡി.സി ആഡിയോ വീഡിയോ സ്പോട്ടുകൾ ലഭ്യമാക്കിയിട്ടുണ്ട്. 15- ാം തീയതിയ്ക്ക് മുൻപ് 2 സ്ഥാപനങ്ങളും ഡോക്യുമെന്ററി സ്പോട്ടുകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടെലികാസ്റ്റ് സംബന്ധിച്ച് പ്രസാർഭാരതി കൊമേഴ്സ്യൽ ഡിവിഷനിലെ (ആകാശവാണി, ദൂരദർശൻ) മാർക്കറ്റിംഗ് ഓഫീസറും വനിതാ

**കമ്മീഷൻ പി.ആർ.ഒ യുമായി മീഡിയ പ്ളാനിനെ കുറിച്ച് ചെയർപേഴ്സൺ ചർച്ച നടത്തുകയും അതിന്റെ ഉള്ളടക്കം കമ്മീഷനിൽ അവതരിപ്പിക്കുകയും 4ലക്ഷം രൂപയുടെ മീഡിയ പ്ളാൻ തയ്യാറാക്കുന്നതിന് അനുവദിക്കുകയും ചെയ്തു. ആയതിലേയ്ക്ക് പി.ആർ.ഒ യെ ചുമതലപ്പെടുത്തി.**

**ഡോക്യുമെന്ററി റിലീസ് ചെയ്യുന്നതിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി, സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പരിപാടി കലാഭവനിൽ വച്ച് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. എല്ലാ മീഡിയക്കാരേയും ഈ പരിപാടിയിൽ പങ്കെടു ്പിക്കാനായി പി.ആർ.ഒ യെ ചുമതലപ്പെടുത്തി.**

**3. പോസ്റ്റർ, ബ്രോഷർ,പാംലെറ്റ് - 5 ലക്ഷം രൂ**

**അഡ്വാൻസ് - 20000/-**
**ബാക്കി -480000/-**

**പോസ്റ്റർ കമ്മിറ്റിയുടെ ആദ്യ നടപടിയായി ബഹു.ചെയർപേഴ്സന്റെയും മെമ്പർമാരുടെയും നിർദ്ദേശപ്രകാരം വനിതാ കമ്മീഷന്റെ സന്ദേശം ഉൾക്കൊള്ളുന്ന ക്രിസ്തുമസ്/ന്യൂ ഇയർ ഗ്രീറ്റിംഗ് കാർഡ് തയ്യാറാക്കുകയുണ്ടായി. ഇതിനു സ്വീകരിച്ച നടപടിക്രമങ്ങളും ചെലവഴിച്ച തുകയായ 20,000/- സംബന്ധിച്ച നടപടിക്രമങ്ങൾ കമ്മീഷൻ സാധൂകരിച്ചു.**

**പോസ്റ്റർ 4 വിഷയങ്ങളിൽ തയ്യാറായിട്ടുണ്ടെന്നും ഇവ പ്രിന്റ് ചെയ്യാൻ കേരള ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക്ക് സെന്ററിനെ ഏല്പിച്ചിട്ടുണ്ടെന്നും പ്രിന്റു ചെയ്തു കിട്ടിയ 2000 കോപ്പികൾ വിവിധ സെമിനാറുകളിൽ വിതരണം ചെയ്തിട്ടുള്ളതായും കമ്മിറ്റി കൺവീനറുടെ കുറിപ്പിൽ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കമ്മറ്റി കൺവീനറായ ശ്രീമതി.ഹീരാ ദേവി സ്വീകരിച്ച നടപടികൾ**

| | |
|---|---|
| **ഗാർഹിക പീഡനം-** | **10000 കോപ്പി റിപ്രിന്റ് ചെയ്യുന്നതിന് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക്ക് സെന്ററിന് കൊടുത്തത്,** |
| **ബ്രോഷർ, പോസ്റ്റർ** | **4 വിഷയങ്ങളിൽ - ഡിസൈൻ ചെയ്തത്** |
| **ബുക്ക്ലെറ്റ്,ബ്രോഷർ** | **എന്നിവ തയ്യാറാക്കി കിട്ടിയത് ഡി.റ്റി.പി എടുത്ത് സി.ഡി യിൽ ആക്കിയത്** |

**കമ്മീഷൻ നിർദ്ദേശപ്രകാരം പോസ്റ്റർ കമ്മറ്റി മീറ്റിംഗ് കൂടുകയും പോസ്റ്റർ, ബുക്ക്ലെറ്റ്, ബ്രോഷർ എന്നിവ തയ്യാറാക്കുന്നതിലേയ്ക്കായി ഈ വിഷയങ്ങളിൽ പ്രഗല്ഭരായവരെ ഏല്പിക്കുകയും ചെയ്തു. മേല്പറഞ്ഞ** നടപടി കമ്മീഷൻ വിലയിരുത്തുകയും സാധൂകരിക്കുകയും ചെയ്തു.

4. എക്സിബിഷൻ - 5 ലക്ഷം രൂ
അഡ്വാൻസ് - 50000/-

**ബാക്കി - 4.50 ലക്ഷം രൂ**

**മ്യൂസിയത്തു വച്ച് ചിത്രാ രചനാ മത്സരം നടന്നു. ഭട്ടതിരിയുടെ പോസ്റ്റർ തയ്യാറായി. ഈ പോസ്റ്റർ ഉദുമ ഗ്രാമപഞ്ചായത്ത് പ്രദർശിപ്പിച്ചു.**

**ഹോർഡിംഗ്സ് വാങ്ങിക്കുന്നതിനായി സിഡ്കോയുമായി ബന്ധപ്പെട്ട് സംസാരിക്കുന്നതിനായി സൂപ്രണ്ട് ജറാർഡിനെ ചുമതലപ്പെടുത്തി.**

**കലാജാഥ- പുരുഷൻ കടലുണ്ടി- യുടെ റൂട്ട് മാപ്പ് താഴെപ്പറയുംപ്രകാരം താല്ക്കാലികമായി തീരുമാനിച്ചു.**

**കാസർഗോഡ് നിന്ന് ആരംഭിച്ച് മാർച്ച് 8 ന് കോഴിക്കോട് നടക്കുന്ന അന്തർദ്ദേശീയ വനിതാ ദിനാചരണം നടക്കുന്ന സ്ഥലത്ത് എത്തിച്ചേരണം. ജാഥയ്ക്ക് അവിടെ സ്വീകരണം കൊടുക്കാനും തീരുമാനിച്ചു. കാസർഗോഡ് നിന്നും തിരുവനന്തപുരം വരെയുള്ള റൂട്ട് മാപ്പ് താഴെപ്പറയും പ്രകാരമാണ്.**

**കാസർഗോഡ് - മഞ്ചേശ്വരം ബസ് സ്റ്റാന്റ് - നീലേശ്വരം - പഴയങ്ങാടി ടൗൺ- കണ്ണൂർ കൂത്തു റമ്പ് ബസ് സ്റ്റാന്റ് - വയനാട് മാനന്തവാടി - കൽപ്പറ്റ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റ് - താമരശ്ശേരി ബസ് സ്റ്റാന്റ് - കോഴിക്കോട് മാവൂർ റോഡ് ബസ് സ്റ്റാന്റ് - മലപ്പുറം മഞ്ചേരി പഴയ ബസ് സ്റ്റാന്റ്- പെരുന്തൽമണ്ണ പട്ടാമ്പി റോഡ് ശക്തി ബുക്സ് ചെറുകാട് സ്മാരകത്തിനു സമീപം - ഷൊർണ്ണൂർ ടൗൺ ബസ് സ്റ്റ ാന്റ് - പാലക്കാട് മുനിസിപ്പാലിറ്റി, കളക്ട്രേറ്റ് പരിസരം - തൃശൂർ തേക്കിൻകാട് മൈതാനം - തൃശൂർ ചാലക്കുടി ബസ് സ്റ്റാന്റ് - എറണാകുളം ജി.സി.ഡി.എ കടവന്ത്ര,- മൂവാറ്റുപുഴ കടന്ന ഒഴിഞ്ഞ സ്ഥലം - ഇടുക്കി തൊടുപുഴ ബസ് സ്റ്റാന്റ് - തിരുവല്ല പത്തനംതിട്ട ബസ് സ്റ്റാന്റ് - ആലപ്പുഴ മാവേലിക്കര ബസ് സ്റ്റാന്റ് - കായംകുളം മുനിസിപ്പൽ ഓഫീസ് - കരുനാഗപ്പള്ളി കൊല്ലം ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റ് - കൊല്ലം ചിന്നക്കട - ആറ്റിങ്ങൽ കച്ചേരിനട നീലാ ടെക്സ്റ്റയിൽസ് - തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപം**

**കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം റീജിയണൽ വർക്ക്ഷോപ്പുകൾ നടതതുന്ന സ്ഥലങ്ങളിൽ എക്സിബിഷൻ നടത്താൻ തീരുമാനിച്ചു.**

**ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെയുള്ള ചെലവുകളിൽ ബാക്കി വരുന്ന തുകയിൽ നിന്നും വഹിക്കേണ്ടതാണെന്ന തീരുമാനിച്ചു.**

ചിത്രരചനാ മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച കുട്ടികൾക്ക് സമ്മാനം നൽകുന്നതിന് മാർച്ച് 11, 2008 ന് വി.ജെ.ടി ഹാളിൽ നടക്കുന്ന വാർഷിക പരിപാടിയിൽ വച്ച് നല്കാൻ തീരുമാനിച്ചു.

5. സെമിനാർ, വർക്ക്ഷോപ്പ്, ബോധവൽക്കരണ ക്ളാസുകൾ തുടങ്ങിയവ - 10 ലക്ഷം രൂ

| | |
|---|---|
| അഡ്വാൻസ് | - 633106 |
| ബാക്കി | - 366894 |
| റീജിയണൽ വർക്ക്ഷോപ്സ് | - 40,000/- രൂ വീതം (കോഴിക്കോട്, തിരുവനന്തപുരം) 20000/- രൂ എറണാകുളം) |

2008 മാർച്ച് 8 ന് കോഴിക്കോട് വച്ച് അന്തർദ്ദേശീയ വനിതാ ദിനം ആചരിക്കുന്നതോടൊപ്പം സ്ത്രീശാക്തീകരണ പരിപാടി, കലാജാഥയ്ക്ക് സ്വീകരണം, എക്സിബിഷൻ, കൾച്ചറൽ ഷോ എന്നിവയും നടത്താൻ തീരുമാനിച്ചു. ആയതിലേയ്ക്ക് മെമ്പർ ടി.ദേവിയേയും പി.ആർ.ഒ യും ചുമതലപ്പെടുത്തി.

2008 മാർച്ച് 11 ന് തിരുവനന്തപുരം വി.ജെ.ടി ഹാളിൽ വച്ച് ഈ കമ്മീഷൻ ചാർജ്ജെടുത്തിട്ട് ഒരു വർഷം തികയുന്നതിന്റെ വാർഷികാഘോഷവും, റീജിയണൽ വർക്ക്ഷോപ്പ് സ്ത്രീശാക്തീകരണ സെമിനാർ, എക്സിബിഷൻ, സമ്മാന വിതരണം എന്നിവ നടത്താൻ തീരുമാനിച്ചു

2008 മാർച്ച് 20 ന് എറണാകുളത്ത് വച്ച് റീജിയണൽ വർക്ക്ഷോപ്സ്/സെമിനാർ, എക്സിബിഷൻ, കൾച്ചറൽ ഷോ തുടങ്ങിയവ നടത്താൻ തീരുമാനിച്ചു.

13-12-2007 ലെ കമ്മീഷൻ തീരുമാനം അനുസരിച്ച് എല്ലാ ജില്ലാ/താലൂക്ക് /ബ്ളോക്ക് തലത്തിൽ ബോധവൽക്കരണ ക്ളാസുകൾ നടത്തുന്നതിനായി ചെയർപേഴ്സൺ, മെമ്പർമാർ എന്നിവർക്ക് 1 ലക്ഷം രൂ വീതം നീക്കിവച്ചതനുസരിച്ച് ചാർട്ട് ചെയ്ത പരിപാടികൾ താഴെപറയും പ്രകാരമാണ്.

ചെയർപേഴ്സൺ

| | | |
|---|---|---|
| ബ്ളോക്ക് തലത്തിൽ - നടന്നു കഴിഞ്ഞത് | തിരുവനന്തപുരം | -12 |
| | കൊല്ലം | -6 |

ടി.ദേവി, മെമ്പർ

കോഴിക്കോട് താലൂക്ക് - 3
കണ്ണൂർ - 3
കാസർഗോഡ് - 2

പി.കെ.സൈനബ,മെമ്പർ
നിയോജക മണ്ഡലാടിസ്ഥാനത്തിൽ
മലപ്പുറം - 4
കോട്ടയം - 3
പാലക്കാട് - ഫെബ്രുവരിയിൽ നടന്നു വരുന്നു
22nd ഇരുത്തിയാവതി
1st മാർച്ച്, ഒറ്റപ്പാലം
3rd മാർച്ച്, കൊല്ലംകോട്

മീനാക്ഷി തമ്പാൻ,മെമ്പർ

ജില്ലാ പഞ്ചായത്ത് തലത്തിൽ
ആലപ്പുഴ - 2
തൃശൂർ - 2
എറണാകുളം - 3

രുഗ്മിണി ഭാസ്കരൻ
പഞ്ചായത്ത് തലത്തിൽ
വയനാട് - 3
ഇടുക്കി - 3
പത്തനംതിട്ട - 3

സെമിനാർ, വർക്ക്ഷോപ്പ്സ് തുടങ്ങിയവയ്ക്ക് വേണ്ടി അനുവദിച്ച 5 ലക്ഷം രൂ 29-2-2008 ന് മുൻപായി അഡ്ജസ്റ്റ് ചെയ്യാനായി പ്രോജക്ട് ഓഫീസറെ ചുമതലപ്പെടുത്തി. അതിനുശേഷം ചെലവഴിക്കുന്ന തുക അതാത് ആഴ്ചകളിൽ സെറ്റിൽ ചെയ്യേണ്ടതാണ്.

ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന്റെ നടത്തിപ്പിന്റെ ഭാഗമായി ഓഫീസ് ആവശ്യത്തിനായി പബ്ളിക് റിലേഷൻസ് ഓഫീസർ വിളിക്കുന്ന ടെലിഫോൺ കോളും, പെട്രോൾ ചെലവും ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിലെ ഫണ്ടിൽ നിന്നും റിഇംബേഴ്സ് ചെയ്ത് കൊടുക്കുന്നതിന് കമ്മീഷൻ തീരുമാനിച്ചു.

ബി. മാർച്ച് 8 ലെ അന്തർദ്ദേശീയ വനിതാ ദിനം ആചരിക്കൽ - കാര്യ പരിപാടികളെ കുറിച്ചുള്ള തീരുമാനം

2008 മാർച്ച് 8 ന് കോഴിക്കോട് വച്ച് അന്തർദ്ദേശീയ വനിതാ ദിനം ആചരിക്കുന്നതോടൊപ്പം സ്ത്രീശാക്തീകരണ പരിപാടി, സിംപോസിയം, കലാജാഥയ്ക്ക് സ്വീകരണം, എക്സിബിഷൻ, കൾച്ചറൽ ഷോ എന്നിവയും നടത്താൻ തീരുമാനിച്ചു. ആയതിലേയ്ക്ക് മെമ്പർ ടി.ദേവിയേയും പി.ആർ.ഒ യും ചുമതലപ്പെടുത്തി.

സി. <u>ഫയൽ നം:9112/B1/07/KWC ബ്രോഷർ,പാംലറ്റ് ഇനത്തിൽ ക്രിസ്തുമസ്/ന്യൂ ഇയർ കാർഡ് പ്രിന്റ് ചെയ്ത നടപടി സാധൂക്കരിക്കൽ</u>

ബ്രോഷർ,പാംലറ്റ് ഇനത്തിൽ ക്രിസ്തുമസ്/ന്യൂ ഇയർ കാർഡ് പ്രിന്റ് ചെയ്ത നടപടി സാധൂകരിച്ചു.

ഡി. <u>ഫയൽ നം.A3/10510/07-ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിനോടനുബന്ധിച്ച് ദിവവേതനാടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച്</u>

ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിനോടനുബന്ധിച്ച് ഇപ്പോൾ പാർട്ട് ടൈം സ്വീപ്പറായി ജോലിചെയ്തുവരുന്ന ശ്രീമതി.വിനിതയ്ക്ക്. ഇപ്പോൾ ഈ ജോലികൾക്കായി ആവശ്യമുള്ള നിശ്ചിത യോഗ്യതയുണ്ടെന്നതിനാൽ 31-3-2008 വരെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിനോടനുബന്ധിച്ചുള്ള അധിക ജോലികൾ ചെയ്യുന്നതിന് നിയോഗിക്കാവുന്നതും കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ വേതനം ഈ കാലയളവു വരെ നല്കാവുന്നതുമാണെന്ന് തീരുമാനിച്ചു.

ഇ. <u>ഫയൽ നം.3475/2008 കമ്മീഷൻ വാർഷിക പരിപാടി വി.ജെ.ടി ഹാളിൽ വച്ച് നടത്തുന്നതു സംബന്ധിച്ച്</u>

2008 മാർച്ച് 11 ന് തിരുവനന്തപുരം വി.ജെ.ടി ഹാളിൽ വച്ച് ഈ കമ്മീഷൻ ചാർജ്ജെടുത്തിട്ട് ഒരു വർഷം തികയുന്നതിന്റെ വാർഷികാഘോഷവും, റീജിയണൽ വർക്ക്ഷോപ്പ് സ്ത്രീശാക്തീകരണം, എക്സിബിഷൻ, സമ്മാന വിതരണം എന്നിവ നടത്താൻ തീരുമാനിച്ചു

എഫ്. <u>ഫയൽ നം:D1/820/2008 സുതാര്യ കേരളം സംപ്രേക്ഷണത്തിന് സ്പോൺസർഷിപ്പ് സംബന്ധിച്ച്</u>

സുതാര്യ കേരളം സംപ്രേക്ഷണത്തിന് സ്പോൺസർഷിപ്പിനായി 50000/- രൂ കൊടുക്കുവാൻ തീരുമാനിച്ചു.

ജി. **വനിതാ കമ്മീഷന്റെ വാഹനങ്ങൾ കേടായതിനെ തുടർന്ന് ടാക്സി ഹയർ ചെയ്യുന്ന നടപടി സാധൂകരിക്കൽ**

വനിതാ കമ്മീഷന്റെ വാഹനങ്ങൾ കേടായതിനെ തുടർന്ന് ടാക്സി ഹയർ ചെയ്യുന്ന നടപടി സാധൂകരിച്ചു

2. **ഫയൽ നം.9056 /2007 ഓഫീസ് ആട്ടോമേഷൻ പ്ലാൻ ഫണ്ട് വിനിയോഗം സംബന്ധിച്ച്**

മെമ്പർമാർക്ക് വിശ്രമ മുറി, വാട്ടർ കൂളർ എന്നിവ ലഭ്യമാക്കുന്നതിനും ബാക്കി തുക ഓഫീസ് ആവശ്യത്തിനും പ്ളാൻ പ്രൊപ്പോസലിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടിയുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ടി സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള മറ്റ് നടപടികൾക്കായി സീനിയർ സൂപ്രണ്ട് ശ്രീ. രാജശേഖരൻ നായരെയും ചുമതലപ്പെടുത്തി.

3. **ഫയൽ നം; 2006-2007 ലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

2006-2007 ലെ വാർഷിക റിപ്പോർട്ട് കമ്മിഷനിൽ അവതരിപ്പിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി മെമ്പർമാരെ ഏല്പിച്ചു.

4. **ഫയൽ നം.A1/435/2007 EPABX-വാർഷിക മെയിന്റനൻസ് കോൺട്രാക്റ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച്**

EPABX-വാർഷിക മെയിന്റനൻസ് കോൺട്രാക്റ്റ് അംഗികരിച്ചു. അതോടൊപ്പം ടെലഫോൺ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും സെക്രട്ടറിയ്ക്ക് പുതിയ കണക്ഷനുവേണ്ടി സർക്കാരിലേയ്ക്ക കത്തയയ്ക്കാൻ തീരുമാനിച്ചു.

5. **<u>മെമ്പർമാരുടെ ഉപയോഗത്തിനായി ടൂറിസം വകുപ്പിൽ നിന്നും വാഹനം ആവശ്യപ്പെടുന്നത് സംബന്ധിച്ച നടപടി സാധൂകരിക്കണം</u>**

മെമ്പർമാരുടെ ഉപയോഗത്തിനായി ടൂറിസം വകുപ്പിൽ നിന്നും വാഹനം ആവശ്യപ്പെടുന്നത് സംബന്ധിച്ച നടപടി സാധൂകരിച്ചു.

6. **<u>14 ജില്ലകളിൽ നടന്ന വനിതാ വ്യവായികളെ സംബന്ധിച്ച പ്രവർത്തന റിപ്പോർട്ടും വിധവാ ശില്പശാലയുടെ സർവ്വേ റിപ്പോർട്ടും സമർപ്പിക്കൽ (ആർ.ഒ)</u>**

14 ജില്ലകളിൽ നടന്ന വനിതാ വ്യവായികളെ സംബന്ധിച്ച പ്രവർത്തന റിപ്പോർട്ടും വിധവാ ശില്പശാലയുടെ സർവ്വേ റിപ്പോർട്ടും മർപ്പിച്ച സർവ്വേ റിപ്പോർട്ടിൻമേൽ ഒരു ചർച്ച സംഘടിപ്പിച്ച് ഗവൺമെന്റിലേയ്ക്ക് അയക്കേണ്ട നിർദ്ദേശങ്ങൾ സ്വരൂപിക്കേണ്ടതാണെന്നും തീരുമാനിച്ചു.

7. **ഫയൽ നം.10453/07 <u>മുത്തുസ്വാമി എന്ന പേരിൽ കമ്മീഷനിലേക്കയച്ച വിവരാവകാശ നിയമം സംബന്ധിച്ച കത്തുകളുടെ രേഖകൾ</u>**

മുത്തുസ്വാമി എന്ന പേരിൽ കമ്മീഷനിലേക്കയച്ച വിവരാവകാശ നിയമം സംബന്ധിച്ച കത്തുകളുടെ രേഖകളിൻമേൽ ഒരു ഉദ്യോഗസ്ഥനെ കൊണ്ട് അന്വേഷണം നടത്തേണ്ടതാണെന്നും തീരുമാനിച്ചു. കൂടാതെ ഇത്സംബന്ധിച്ച് ഇൻഫർമേഷൻ കമ്മീഷണർക്ക് കത്തയയ്ക്കാനും ഫോറൻസിക് പരിശോധന നടത്തുന്നതിനും തീരുമാനിച്ചു.

8. **ഫയൽ നം;B1/1373/2008/KWC ദേശീയ വനിതാ കമ്മീഷൻ അനുവദിക്കുമെന്ന് അറിയിച്ചിട്ടുള്ള ഒരു ലക്ഷം രൂപയും ഇതുമായി ബന്ധപ്പെട്ട പരിപാടികളും**

നിലവിലുള്ള നിയമങ്ങളിലുള്ള പോരായ്മകൾ ചൂണ്ടി കാണിച്ചു കൊണ്ട് സ്ത്രീകൾക്കനുകൂലമായ എന്തെല്ലാം മാറ്റങ്ങൾ വരുത്താനുണ്ട് എന്നതിനെ കുറിച്ച് ചർച്ച ചെയ്യണ

മെന്നും ഹൈദ്രാബാദിൽ ചെയർപേഴ്സൺ പങ്കെടുക്കുന്ന വർക്ക്ഷോപ്പിലെ വിഷയങ്ങളെ ആസ്പദമാക്കിയുമുള്ള പരിപാടികൾ നടത്തണമെന്നും ഫണ്ട് അനുവദിക്കുന്നതിലേയ്ക്കായി ദേശീയ വനിതാ കമ്മീഷന് കത്തയയ്ക്കാനും തീരുമാനിച്ചു.

9. **കഴിഞ്ഞ കമ്മീഷൻ മീറ്റിംഗുകളുടെ മിനിട്ടുകളുടെ അവലോകനം 31-3-2008 നു ശേഷം നടക്കുന്ന കമ്മീഷൻ മീറ്റിംഗിൽ തീരുമാനിക്കുന്നതാണ്.**

കഴിഞ്ഞ കമ്മീഷൻ മീറ്റിംഗുകളുടെ മിനിട്ട്സുകളുടെ അവലോകനം 31-3-2008 നു ശേഷം നടക്കുന്ന കമ്മീഷൻ മീറ്റിംഗിൽ തീരുമാനിക്കുമെന്നത് അംഗീകരിച്ചു.

10 **ചെയർപേഴ്ണും മെമ്പർമാർക്കും അനുവദിച്ച വാഹനങ്ങളെ - സംബന്ധിച്ച്**

ചെയർപേഴ്ണും മെമ്പർമാർക്കും അനുവദിച്ച വാഹനങ്ങൾക്കായി ബഹു. മുഖ്യമന്ത്രിയ്ക്കും, ധനമന്ത്രിയ്ക്കും സാമൂഹ്യക്ഷേമ മന്ത്രിയ്ക്കും കത്തയച്ചു.

11. **കമ്മീഷനിൽ നിലവിലുള്ള വാഹനങ്ങളുടെ വിശദവിവരങ്ങൾ**

അടുത്ത മീറ്റിംഗിൽ ചർച്ചചെയ്യാൻ തീരുമാനിച്ചു.

12. **<u>കമ്മീഷൻ മെമ്പർ ശ്രീമതി.ടി.ദേവി സമർപ്പിച്ചിട്ടുള്ള ശേഷിച്ച വിഷയങ്ങളുടെ വിശദമായ ചർച്ച 31.3.2008 ന് ശേഷം കമ്മീഷൻ മീറ്റിംഗിൽ നടത്തുന്നതു സംബന്ധിച്ച്</u>**

**കമ്മീഷൻ മെമ്പർ ശ്രീമതി.ടി.ദേവി സമർപ്പിച്ചിട്ടുള്ള ശേഷിച്ച വിഷയങ്ങളുടെ വിശദമായ ചർച്ച 31.3.2008 ന് ശേഷം നടക്കുന്ന കമ്മീഷൻ മീറ്റിംഗിൽ നടത്താമെന്ന് തീരുമാനിച്ചു**

13. **ചെയർപേഴ്സൺ അനുവദിച്ച് ചർച്ച ചെയ്യുന്ന വിഷയങ്ങൾ**

എ. **ഔദ്യോഗിക ചർച്ചകൾക്കായി ഓഫീസിൽ വരുന്ന ഉദ്യോഗസ്ഥർക്ക് ലഘുഭക്ഷണം കൊടുക്കുന്ന ആവശ്യത്തിലേയ്ക്ക് റിഫ്രഷ്മെന്റ് ചാർജ്ജായി ആവശ്യമായ തുക അതർ ചാർജസിൽ നിന്നും വഹിക്കേണ്ടതാണ്.**

ബി. **തയ്ക്കാട് ഗസ്റ്റ് ഹൗസിലെ കാറ്ററിംഗ് മാനേജർ ശ്രീ.ലൂയിസ് 8-2-2008 ൽ കമ്മീഷൻ ജീവനക്കാരോട് അപമര്യാദയായി സംസാരിച്ചതിൻമേൽ ടൂറിസം മന്ത്രിയ്ക്കും വകുപ്പിലേയ്ക്കും കത്തയയ്ക്കണമെന്ന് നിർദ്ദേശിച്ചു.**

സി. **പ്രവാസി കുടുംബ സ്ത്രീകളെപ്പറ്റി സാമ്പിൾ സർവ്വേ കേരള വനിതാ കമ്മിഷനും നോർക്കയും പ്രവാസി മലയാളികളും സംയുക്തമായി 2008 ഫെബ്രുവരി 26 ന് കോഴിക്കോട് നടത്താൻ തീരുമാനിച്ചു.**

ഇ. **കേരള വനിത കമ്മിഷനും കോഴിക്കോട് സിറ്റി പോലീസും ചേർന്ന് 2008 ഫെബ്രുവരി 3, 4 ന് നടത്തുന്ന വിവാഹ പൂർവ്വ ബോധവൽക്കരണ പരിപാടി നടത്താൻ തീരുമാനിച്ചു.**

**മീറ്റിംഗ് വൈകുന്നേരം 5 മണിയ്ക്ക് അവസാനിച്ചു**

**തിരുവനന്തപുരം** **ചെയർപേഴ്സൺ**
**8-2-2008**

**25-2-2008 ൽ തിരുവനന്തപുരം കലാഭവനിൽ നടത്താനിരിക്കുന്ന "സ്ത്രീശാക്തീകരണ ബോധവൽക്കരണ ഡോക്യുമെന്ററി പ്രകാശനവും പ്രദർശനവും" സംബന്ധിച്ച പരിപാടികളെപ്പറ്റി 15-2-2008 ൽ സെക്രട്ടറിയുടെ ചേംബറിൽ കൂടിയ ചർച്ചയുടെ മിനിട്ട്സ്**

**പങ്കെടുത്തവർ**

1. ശ്രീമതി.പി.സി.ലത, എ.ഒ
2. ശ്രീമതി.പ്രേംന മനോജ്ശങ്കർ,പി.ഒ
3. ശ്രീ.ജറാർഡ്, സീനിയർ സൂപ്രണ്ട്
4. ശ്രീ.രാജശേഖരൻനായർ, സീനിയർ സൂപ്രണ്ട്
5. ശ്രീമതി.റജുല, റിസർച്ച് ഓഫീസർ
6. ശ്രീ.കൃഷ്ണകുമാർ, പി.ആർ.ഒ
7. ശ്രീ.ഗോപി, അസിസ്റ്റന്റ്
8. ശ്രീമതി.ഹീരാദേവി, എസ്.ഐ

സെക്രട്ടറി ശ്രീമതി.ശ്രീദേവിയുടെ അദ്ധ്യക്ഷതയിൽ രാവിലെ 11.30 ന് ചർച്ച ആരംഭിച്ചു. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന്റെ കൺവീനർമാരും പങ്കെടുത്തു.

25-2-2008 ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് കലാഭവനിൽ വച്ച് നടത്തുന്ന "സ്ത്രീശാക്തീകരണ ബോധവൽക്കരണ ഡോക്യുമെന്ററി പ്രകാശനവും പ്രദർശനവും" എന്ന പരിപാടിയുടെ നടത്തിപ്പിന്റെ മുന്നോടിയായി താഴെപ്പറയുന്നവ നടപ്പിലാക്കാൻ തീരുമാനിച്ചു.

1. ബഹു.മുഖ്യമന്ത്രിയേയും സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയേയും സാംസ്കാരിക വകുപ്പ് മന്ത്രിയേയും ഉദ്ഘാടന ചടങ്ങിനായി ക്ഷണിക്കാൻ തീരുമാനിച്ചു.

2. ശ്രീ.അടൂർ ഗോപാലകൃഷ്ണനേയോ ഏതെങ്കിലും പ്രമുഖ ചലച്ചിത്ര സംവിധായകരേയോ കൊണ്ടാണ് സ്വീകരണം കൊടുക്കേണ്ടതെന്ന് തീരുമാനിച്ചു.
3. KSFDC മാനേജിംഗ് ഡയറക്ടർ, ശ്രീ.രമേശ് കുമാർ KSFDC, ശ്രീ.മോഹൻ കുമാർ, സിഡിറ്റ്, സംവിധായകരായ പി.ഇന്ദിര, ദീപ(സിഡിറ്റ്) അമ്പലത്തറ ശശികുമാർ, ബിജു വർമ്മ,ബാബുരാജ്, നാന വേണു(KSFDC) എന്നിവരെ ക്ഷണിക്കേണ്ടതാണ്.

4. കൾച്ചറൽ ഫീൽഡിലുള്ള ഒ.എൻ.വി കുറുപ്പ്, നീലംപേരൂർ മധുസൂദനൻ നായർ, കിളിമാനൂർ രമാകാന്തൻ, ഏഴാച്ചേരി രാമചന്ദ്രൻ, ഡി.വിനയചന്ദ്രൻ, സുഗതകുമാരി, ഹൃദയകുമാരി എന്നിവരേയും കുടുംബശ്രീയിലെ ശാരദാ മുരളീധരൻ, സഖി സംഘടനയിലെ ഏലിയാമമ വിജയൻ, എല്ലാ കോളേജ് പ്രിൻസിപ്പിൽമാർ, പ്രസ് ക്ളബ്ബ് വിദ്യാർത്ഥികൾ,വനിതാ കമ്മീഷൻ സ്റ്റാഫ് തുടങ്ങിയവരെയും ക്ഷണിക്കേണ്ടതാണ്.

5. ക്ഷണകത്ത് ഗവ.പ്രസ്സിലോ, KSAVRC യിലോ കൊടുത്ത് Invitation cum entry pass ആയിട്ട് 1000 എണ്ണം അടിക്കണം

6. പരിപാടിയ്ക്ക് ഉദ്ദേശിക്കുന്ന തുക താഴെപ്പറയുന്നു.

| | | രൂ. |
|---|---|---|
| ഹാൾ വാടക | - | 4000/- |
| DVD Projector | - | 5000/- |
| മൈക്ക്, ലൈറ്റ് | - | 3000/- |
| ക്ഷണകത്ത് | - | 6000/- |
| ഫോട്ടോഗ്രാഫർ | - | 2000/- |
| കട്ട് ഔട്ട് ബാനർ | - | 2000/- |
| സൈൻബോർഡ്,ഡിജിറ്റൽ ബോർഡ് സിഡിറ്റ്, KSFDC | - | 2000/- |
| വീഡിയോ സ്പോട്ട്/ആഡിയോ സ്പോട്ട് | - | 8800/- |
| ബൊക്കെ | - | 200/- |
| ചായ | - | 1000/- |
| പ്രസ് കോൺഫറൻസ് - ഫയൽ പാഡ്, പേന | - | 3000/- |
| ലഘുഭക്ഷണം | | ---------- |

37000/-
40,000/- രൂ
==========

പ്രസ് കോൺഫറൻസ് PRD യിലോ പ്രസ് ക്ളബ്ബിലോ വച്ച് അറേൻജ് ചെയ്യണം (ഉദ്ദേശം 50 പേർ പങ്കെടുക്കും) സാമൂഹ്യക്ഷേമ മന്ത്രി പങ്കെടുക്കണം. ഫെബ്രുവരി 25, മാർച്ച് 8, മാർച്ച് 11 എന്നീ തീയതികളിലെ പരിപാടികൾ ചർച്ച)

8. പ്രോഗ്രാം കൺവീനറായി പി.ആർ.ഒ യെ ചുമതലപ്പെടുത്തി. പ്രോഗ്രാം നടത്തിപ്പിലേയ്ക്കായി താഴെപ്പറയുന്നവരെ ഉൾകൊള്ളുന്ന ഒരു കമ്മിറ്റി രൂപീകരിച്ചു.

1. ശ്രീമതി.പ്രേംന മനോജ്ശങ്കർ,പി.ഒ
2. ശ്രീ.ജറാർഡ്, സീനിയർ സൂപ്രണ്ട്
3. ശ്രീ.രാജശേഖരൻനായർ, സീനിയർ സൂപ്രണ്ട്
4. ശ്രീമതി.റജുല, റിസർച്ച് ഓഫീസർ
5. ശ്രീ.ഗോപി, അസിസ്റ്റന്റ്
6. ശ്രീമതി.ഹീരാദേവി, എസ്.ഐ
7. ശ്രീ.രാജമോഹനൻപിള്ള

25-10-2007 ലെ ഓഫീസ് ഓർഡർ നമ്പർ.4 പ്രകാരം ഡോക്യൂമെന്ററി കമ്മിറ്റി കൺവീനർ പ്രോഗ്രാമിന്റെ ധനപരമായ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്. ഇതിലലേക്കാവശ്യമായ തുക അഡ്വാൻസ് വാങ്ങുകയും പ്രോഗ്രാം അവസാനിച്ച് ഒരാഴ്ചക്കുള്ളിൽ ഫൈനൽ ക്ളെയിം സമർപ്പിക്കേണ്ടതുമാണ്.

കമ്മിറ്റി ഇന്നു തന്നെ യോഗം ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്ത് മിനിട്ട്സ് രൂപത്തിൽ സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം
15-2-2008

സെക്രട്ടറി